പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1245 — 03.10.2016 - ൽ മറുപടിയ്ക്ക്

## സ്കൂൾ ഓഫ് മാത്തമാറ്റിക്സ്

ചോദ്യം — ശ്രീ . പി.ടി.എ റഹീം

ഉത്തരം — ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | കോഴിക്കോട് കുന്ദമംഗലത്ത് പ്രവർത്തിക്കുന്ന സ്കൂൾ ഓഫ് മാത്തമാറ്റിക്സിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | ഗണിത ശാസ്ത്ര ഗവേഷണം അഭിവൃദ്ധിപ്പെടുത്തുക, ഗണിത ശാസ്ത്ര പ്രതിഭകളെ കണ്ടെത്തുക, അവരുടെ പ്രയത്നങ്ങൾക്ക് പിന്തുണ കൊടുക്കുക, ശാസ്ത്ര സാങ്കേതികപുരോഗതിക്കും സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള വിദ്യാഭ്യാസപുരോഗതിക്കുമുതകുന്ന തരത്തിൽ ഗണിത ശാസ്ത്രത്തിന്റെ പ്രത്യേക ശാഖകളിൽ വൈദഗ്ധ്യം നേടാൻ വേണ്ടിയുള്ള ഗവേഷണം, ഗണിത ശാസ്ത്രത്തിലെ വിവിധ പഠന ശാഖകളിലുള്ള ശിൽപശാലകൾ, പ്രസ്തുത ശില്പശാലകളുടെ ഏകവിഷയങ്ങളുടെയും പ്രബന്ധങ്ങളുടേയും വ്യവഹാര വിവരണത്തിന്റെയും പ്രസിദ്ധീകരണം, അന്തർദേശീയ ശില്പശാലകൾ, കേരളത്തിലെ ഗണിത ശാസ്ത്ര അധ്യാപകർക്കും, വിദ്യാർത്ഥികൾക്കുമായുള്ള പരിശീലന ക്ലാസുകൾ, തുടർ പരിശീലന പദ്ധതികൾ, വിദേശ യൂണിവേഴ്സിറ്റികളിൽ നിന്നുമുള്ള ഗണിത ശാസ്ത്ര പ്രഗല്ഭരുടെ ശില്പശാലകൾ, വിദ്യാർത്ഥികൾക്കായി അടിസ്ഥാന ഗണിത ശാസ്ത്രത്തിലുള്ള പ്രത്യേക പരിശീലന ക്ലാസുകൾ എന്നിവയാണ് കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സിന്റെ പ്രവർത്തനങ്ങളും പഠനങ്ങളും. |
| (ബി) | ഇവിടെ ഗണിതശാസ്ത്രത്തിൽ ഉന്നത പഠനം നടത്തുന്നതിന് സർവ്വകലാശാലയുമായി ബന്ധപ്പെട്ട് കോഴ്സുകൾ തുടങ്ങുന്ന കാര്യം പരിഗണിക്കുമോ ? | (ബി) | ബിരുദ ബിരുദാനന്തര കോഴ്സുകൾ നടത്തുക എന്ന കാര്യം സ്കൂൾ ഓഫ് മാത്തമാറ്റിക്സിന്റെ പരിഗണനയിൽ ഇപ്പോഴില്ല. |

സെക്ഷൻ ഓഫീസർ